മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, നിലവിലുള്ള സാമൂഹ്യ സുരക്ഷയാകെ തകർത്ത് കുത്തക വ്യാപാരികളേയും മുതലാളിമാരേയും മാത്രം സഹായിക്കുന്നതിനു വേണ്ടി ഉണ്ടാക്കിയ ഒരു ബഡ്ജറ്റാണ് ശ്രീ. യശ്വന്ത് സിൻഹ ഇന്നലെ പാർലമെന്റിൽ അവതരിപ്പിച്ചത്. രാജ്യം ഇന്ന് അഭിമുഖീകരിക്കുന്ന അതിരൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള യാതൊരു നിർദ്ദേശങ്ങളും ഈ ബഡ്ജറ്റിൽ ഇല്ല. എന്നാൽ ഉള്ള തൊഴിലവസരങ്ങൾ കൂടി നഷ്ടപ്പെടുന്നതിനും തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രതിവർഷം കേന്ദ്ര സർക്കാർ സർവ്വീസിൽ നിന്നും 2 ശതമാനം തസ്തികകൾ വെട്ടികുറയ്ക്കാനാണ് ബഡ്ജറ്റിൽ നിർദ്ദേശിച്ചിരിക്കുന്നത്. മൂന്നുപേർ റിട്ടയർ ചെയ്യുമ്പോൾ ഒരാളെ നിയമിച്ചാൽ മതി എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. രണ്ടു വർഷമായി നിലനിൽക്കുന്ന നിയമന നിരോധനത്തിനു പുറമേയാണ് ഈ നിർദ്ദേശം. പൊതുമേഖലയെ പൂർണ്ണമായി തകർക്കാനും വൈദ്യുതി മേഖല സ്വകാര്യവൽക്കരിക്കാനും ബഡ്ജറ്റിൽ ശുപാർശ ചെയ്യുന്നുണ്ട്. ബാങ്കിംഗ് മേഖലയിൽ ജീവനക്കാരെ തെരഞ്ഞെടുക്കുന്ന ബാങ്കിംഗ് റിക്രൂട്ട്മെന്റ് ബോർഡിനെ പിരിച്ചുവിട്ട് ജീവനക്കാരെ നിയമിക്കുവാനുള്ള അവകാശം ബാങ്കുകൾക്ക് നേരിട്ട് നൽകാനുള്ള തീരുമാനം ഈ മേഖലയിൽ നിലവിലുള്ള തൊഴിൽ സാദ്ധ്യതകളെ സാരമായി ബാധിക്കും. ഇങ്ങനെ നിയമനങ്ങളിലെ സുതാര്യതയും സംശുദ്ധിയും ഇല്ലാതാക്കുവാനും അതിനുള്ള മാനദണ്ഡം പണസ്വാധീനമാക്കാനും ഇടവരുത്തും. കേരളത്തിന് ഈ ബഡ്ജറ്റ് ദോഷം ചെയ്യുന്നുണ്ട്. പഞ്ചസാര വില കൂട്ടി നിശ്ചയിച്ചത് പഞ്ചസാര ലോബിയെ സഹായിക്കുന്നതിനാണ്. ഇത് സാധാരണക്കാരെ വിഷമിപ്പിക്കുന്നതാണ്. കാപ്രോലാക്ടത്തിന്റെ ഇറക്കുമതി ചുങ്കം വീണ്ടും വെട്ടിച്ചുരുക്കിയതുകൊണ്ട് ആ ഫാക്ടറി തന്നെ നിലനിൽക്കുമോ എന്ന് സംശയിക്കുന്നു. അത് പൂട്ടേണ്ടിവരുന്ന ഒരു സ്ഥിതിയിലേക്ക് എത്തും. ആയിരം തൊഴിലാളികൾ വരെ ജോലിചെയ്യുന്ന സ്ഥലത്ത് ലേ-ഓഫ് വ്യാപിപ്പിക്കാനും വ്യവസായം പൂട്ടാനുമുള്ള എല്ലാ സ്വാതന്ത്ര്യവും നൽകുന്നു. പിരിച്ചുവിടലും ലോക്കൗട്ടും ലേഓഫും വ്യാപിപ്പിക്കുന്നു. ഇത്തരം നയങ്ങൾ അനുവദിക്കുന്നതാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് തൊഴിൽ അവസരങ്ങൾ നഷ്ടമാകുന്നതും തൊഴിൽ സുരക്ഷിതത്വത്തിന് നേരെ വൻഭീഷണി ഉയർത്തുന്നതുമായ കേന്ദ്രസർക്കാരിന്റെ ഈ ബഡ്ജറ്റ് നയങ്ങൾക്ക് എതിരെ ശക്തമായ ബഹുജന പ്രക്ഷോഭങ്ങൾ ഉയർന്നുവരേണ്ടതുണ്ട്. അതിന് ജനങ്ങളോട് അഭ്യർത്ഥിക്കുന്നു.

(7) കാക്കര മഹാദേവർ ക്ഷേത്രത്തിന്റെ ഉന്നതിക്കാവശ്യമായ ഭൂമി ക്ഷേത്രസമിതിയുടെ പേരിൽ കൈമാറ്റം ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ. അടൂർ പ്രകാശ് : സർ, എന്റെ നിയോജകമണ്ഡലത്തിൽ കോന്നി താഴം വില്ലേജിൽ ആവോലിക്കുഴി എന്ന സ്ഥലത്ത് വനഭൂമിയോട് ചേർന്ന് സ്ഥിതി ചെയ്യുന്നതാണ് കാക്കര മഹാദേവർ ക്ഷേത്രം. ഈ ക്ഷേത്രം 1973 മുതൽ നാട്ടുകാരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരു സമിതിയുടെ ഭരണത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

വളരെയധികം ആരാധനകർ എത്തിച്ചേരുന്ന ഒരു പുരാതന ക്ഷേത്രമാണിത്. എന്നാൽ ഈ ക്ഷേത്രത്തിന്റെ വികസന പ്രവർത്തനങ്ങൾ ഒന്നുംതന്നെ ചെയ്യാൻ കഴിയാത്ത അവസ്ഥയാണ്. വനംവകുപ്പിൽ നിന്നും തടസ്സങ്ങൾ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. 1977-നു മുമ്പുമുതൽ തന്നെ ഈ ക്ഷേത്രം സ്ഥിതിചെയ്യുന്ന ഒന്നര ഏക്കറോളം സ്ഥലം നാട്ടുകാരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ അധീനതയിലാണ്. 1972-ൽ വനമേഖലയായ ആവോലിക്കുഴി പ്രദേശത്ത് തേക്ക് പ്ലാന്റ് ചെയ്യുകയുണ്ടായി. അന്നുതന്നെ ഈ ക്ഷേത്രവും അതോടു ചേർന്നു കിടക്കുന്ന ഒന്നര ഏക്കർ സ്ഥലവും ഒഴിച്ചിട്ടാണ് തേക്ക് പ്ലാന്റ് ചെയ്തിരിക്കുന്നത്. ഇത് ഈ പ്രദേശത്ത് പരിശോധന നടത്തിയാൽ ആർക്കും മനസ്സിലാകുന്ന കാര്യമാണ്. ഇവിടെ വനം വകുപ്പ് അധികൃതരും നാട്ടുകാരും തമ്മിൽ ഏതവസരത്തിലും സംഘർഷം ഉണ്ടാകാവുന്ന ഒരു സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. ജാതിമത ഭേദമെന്യേ ഈ പ്രദേശത്തെ ആയിരക്കണക്കിന് ആളുകളുടെ പൊതുവികാരം എന്ന നിലയിൽ ക്ഷേത്രഭരണ സമിതി 1970-നു മുമ്പുതന്നെ കൈവശം വച്ചിരിക്കുന്ന ഒന്നര ഏക്കറോളം ഭൂമി വിട്ടുകിട്ടുന്നതിന് കേന്ദ്ര വനമന്ത്രാലയത്തിൽ നിന്നും ആവശ്യമായ നടപടി നേടിയെടുക്കുന്നതിന് വേണ്ടി അടിയന്തിര നടപടി സ്വീകരിക്കണമെന്നും അതിനാവശ്യമായ ജോയിന്റ് വെരിഫിക്കേഷൻ വളരെ അടിയന്തിരമായി നടത്തുന്നതിനുള്ള നിർദ്ദേശം നൽകണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, കോന്നി ഫോറസ്റ്റ് ഡിവിഷനിൽ കോന്നി റേഞ്ചിലെ കുമരംപേരൂർ നോർത്ത് ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിലാണ് ഈ കാക്കര മഹാദേവർ ക്ഷേത്രം സ്ഥിതിചെയ്യുന്നത്. പൂർണ്ണമായും റിസർവ് ഫോറസ്റ്റിനുള്ളിലാണ് ക്ഷേത്രം സ്ഥിതിചെയ്യുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

30-01-2001-ന് ക്ഷേത്രഭാരവാഹികളും നാട്ടുകാരിൽ ചിലരും ചേർന്ന് 50 സെന്റ് സ്ഥലം അനധികൃതമായി നികത്തിയതിന് കോന്നി റേഞ്ചിലെ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ ഒരു കേസ് എടുത്തതായിട്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുറ്റകൃത്യം യഥാസമയം തടയാതിരുന്നതിന് ഫോറസ്റ്റിലെ തന്നെ ഉദ്യോഗസ്ഥന്മാർക്കെതിരായി മെമ്മോ കൊടുക്കുകയും ചെയ്തിട്ടുണ്ട്. ക്ഷേത്രത്തിന് ആവശ്യമായിട്ടുള്ള ഈ ഭൂമി വിട്ടുകിട്ടണമെന്ന് നാട്ടുകാരും ക്ഷേത്രസമിതി ഭാരവാഹികളും സ്ഥിരമായിട്ട് അപേക്ഷകൾ തരാറുണ്ട്. ക്ഷേത്രം സ്ഥിതിചെയ്യുന്നത് റിസർവ് വനഭൂമിയിലായതിനാൽ ക്ഷേത്രവും പരിസരവും റിസർവ് വനമായി നിലനിർത്തിക്കൊണ്ട് ആരാധന തുടരാവുന്നതാണ്. ഇത് പതിച്ചുനൽകാൻ നിർവ്വാഹമില്ല എന്നാണ് വനംവകുപ്പ് ക്ഷേത്രസമിതിക്കാരേയും ഞങ്ങളേയും അറിയിച്ചിട്ടുള്ളത്. 1-1-1977-നു മുമ്പ് കൈവശഭൂമി ഉണ്ടായിരുന്നവർക്ക് പട്ടയം നൽകുന്ന നടപടിയുടെ ഭാഗമായിട്ട് ഈ പ്രദേശങ്ങളിലെ 80 ഹെക്ടർ ഭൂമിയുടെ പട്ടയം നൽകുന്നതിന് സംയുക്ത സർവ്വേ നടത്തി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചത്. അംഗീകരിച്ച് നമുക്ക് അനുമതി ലഭിച്ചിട്ടുണ്ട്. അതിൽ ഇത് ഉൾപ്പെടുന്നില്ല. അതിനുശേഷം ആദ്യത്തെ ലിസ്റ്റിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിൽക്കൂടി 1-1-1977-നു മുമ്പുള്ള കൈവശങ്ങൾക്ക് പട്ടയം

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നതിനുവേണ്ടി അനുമതി തരണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനായുള്ള സർവ്വേയിൽ ഈ ക്ഷേത്രപ്രദേശവും ഉൾപ്പെടുന്നുണ്ടോ എന്ന് ഞാൻ പരിശോധിക്കാം. ഏതായാലും ക്ഷേത്രത്തിനും ആരാധനയ്ക്കും ഒന്നും ഒരു തടസ്സവുമില്ലാത്തവിധം ഈ സ്ഥലം റിസർവ് വനമായിതന്നെ നിലനിർത്തിക്കൊണ്ട് ആരാധന തുടരാവുന്നതാണ് എന്ന് വനംവകുപ്പ് പറഞ്ഞ ഒരു സാഹചര്യത്തിൽ പട്ടയം നൽകുന്ന കാര്യം വനംവകുപ്പുമായി ആലോചിച്ച് പരിഹാരം ഉണ്ടാക്കാൻ കഴിയുമോ എന്ന് വീണ്ടും ഞങ്ങൾ ശ്രമിക്കുന്നതാണ്. നേരത്തെ ജോയിന്റ് വെരിഫിക്കേഷൻ എല്ലാ സ്ഥലത്തും നടന്നുകഴിഞ്ഞതാണ്. നമ്മൾ സർവ്വേ നടത്തി കേന്ദ്രഗവൺമെന്റിന് കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് പത്തനംതിട്ട ജില്ലയിൽ 80 ഹെക്ടർ ഭൂമിക്ക് പട്ടയം കൊടുക്കുന്നതിന് ഇപ്പോൾ അനുമതി കിട്ടിയിട്ടുള്ളത്. അതിൽ ഈ സ്ഥലം ഉൾപ്പെടുന്നില്ല. അങ്ങനെ ഉൾപ്പെടാത്ത കുറേയേറെ പ്രദേശങ്ങളിൽ കൂടി വീണ്ടും ജോയിന്റ് സർവ്വേ നടത്തി അതും കേന്ദ്രഗവൺമെന്റിന്റെ അനുമതിക്കുവേണ്ടി അയച്ചിട്ടുണ്ട്. അതിൽ ഇതുകൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് ഞാൻ പരിശോധിക്കാം. ഉൾപ്പെടുത്തിയിട്ടുണ്ടാകും എന്നാണ് ഞാൻ കരുതുന്നത്. അതല്ലെങ്കിലും ഫോറസ്റ്റ് അധികൃതരുമായി ബന്ധപ്പെട്ടുകൊണ്ട് ക്ഷേത്രത്തിനോ, ക്ഷേത്ര ആരാധനയ്ക്കോ തടസ്സം ഇല്ലാത്ത രീതിയിൽ അത് കൈകാര്യം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(8) എറണാകുളം ജില്ലയിലെ സമഗ്ര ഭവനനിർമ്മാണ പദ്ധതി

ശ്രീ. കെ. മുഹമ്മദാലി: സർ, എറണാകുളം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ത്രിതല പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി ഹഡ്കോയുടെ സഹായത്തോടുകൂടി സമഗ്ര ഭവനനിർമ്മാണ പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചു. ഗവൺമെന്റിന്റെ ഗ്യാരന്റി ഈ പദ്ധതിക്ക് ആവശ്യമാണ്. കൊല്ലം ജില്ലയുൾപ്പെടെ കേരളത്തിലെ മറ്റ് ജില്ലകൾക്കും ഇതിന് അനുമതി നൽകിയിട്ടുണ്ട്. എറണാകുളം ജില്ലാ പഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള ഹഡ്കോയുടെ സഹായത്തോടുകൂടിയുള്ള ഈ പദ്ധതിക്ക് ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. അനുമതി ലഭിക്കാൻ എന്താണ് തടസ്സമെന്നറിയില്ല. ഈ ഭവനനിർമ്മാണ പദ്ധതിക്ക് അടിയന്തിരമായി അനുമതി നൽകി എറണാകുളത്തെ ഭവനരഹിതരായ ആളുകളെ സംരക്ഷിക്കാൻ ഗവൺമെന്റ് മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, എറണാകുളം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന ജനകീയ പാർപ്പിട പദ്ധതിക്ക് ഹഡ്കോയിൽ നിന്ന് 33 കോടി രൂപ വായ്പയെടുത്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിപ്രകാരം 35,000 രൂപ വച്ച് 9600 കുടുംബങ്ങൾക്ക് ഭവനം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് അനുമതി നൽകാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പുമന്ത്രി ആവശ്യപ്പെട്ട വിവരങ്ങൾ എറണാകുളം ജില്ലാ പഞ്ചായത്ത് ലഭ്യമാക്കിയതു പ്രകാരം 20-2-2001-ൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള ഈ പദ്ധതിക്ക് അനുമതി നൽകുന്നതിന് ആവശ്യമായ സത്വര നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly